കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം - 695001
ഫോൺ: 0471-2330558, 0471-2331104
Email:cei.kerala@kerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in

An IS 15700 : 2018 Certified Department

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നടപടിക്രമം**

**ഹാജർ: വിനോദ്.ജി**

വിഷയം : ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് /ഹെഡ് ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും നടത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 07/09/2024-ലെ സിഇഐ/3894/2024-ഇ2 നമ്പർ ഉത്തരവ്.
2. ഹെഡ് ക്ലാർക്ക് ശ്രീ.ഗിരീഷ്.സി.എസ്-ന്റെ 06/07/2024-ലെ സ്ഥലംമാറ്റ അപേക്ഷ.
3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 06/02/2024-ലെ സിഇഐ/1040/2024-ഇ3 നമ്പർ ഉത്തരവ്.
4. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 07/08/2023-ലെ സിഇഐ/4845/2023-ഇ3 നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നമ്പർ: സിഇഐ/4543/2024-ഇ2 തീയതി: 13-09-2024</u>**

വകുപ്പിൽ ഇടുക്കി ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ഷാജി.എം.പി-യ്ക്ക് (പെൻ:105344) പരാമർശം (1) ഉത്തരവ് പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് തസ്തികമാറ്റം മുഖേന സ്ഥാനക്കയറ്റം നൽകിയതുമൂലം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ടി ഒഴിവിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് പരാമർശം (3) പ്രകാരമുള്ള ഹെഡ് ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 2 ആയിട്ടുള്ള ശ്രീ.ജോസഫ്.പി.ജെ-യ്ക്കാണ് അർഹതയുള്ളത്. സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 1 ആയ ജീവനക്കാരിക്ക് ഇതിനോടകം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ശ്രീ.ജോസഫ്.പി.ജെ ഹെഡ് ക്ലാർക്ക് തസ്തികയിൽ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, തൃശ്ശൂർ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ.ജോസഫ്.പി.ജെ (പെൻ:241468) യെ ഹെഡ് ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ KS&SSR Part II Rule 28(b) (II) പ്രകാരം 43400-91200 രൂപ ശമ്പള നിരക്കിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി ഇടുക്കി ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ശ്രീ.ജോസഫ്.പി.ജെ-യ്ക്ക് ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകുന്നത് മൂലം തൃശ്ശൂർ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ വരുന്ന ഒഴിവിലേക്ക് പരാമർശം (2) അപേക്ഷ പരിഗണിച്ച് കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്കായ ശ്രീ.ഗിരീഷ്.സി.എസ്(പെൻ:274890)-നെ സ്ഥലം മാറ്റി നിയമിച്ചുകൊണ്ടും, ശ്രീ.ഗിരീഷ്.സി.എസ്-നെ സ്ഥലംമാറ്റി നിയമിച്ചതുമൂലം കോഴിക്കോട് ജില്ലാ

കാര്യാലയത്തിൽ വന്ന ഒഴിവിലേയ്ക്ക് പരാമർശം (4) പ്രകാരമുള്ള സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഏറ്റവും സീനിയർ ആയിട്ടുള്ള (ക്രമ നമ്പർ-2) വയനാട് ജില്ലാ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.മനോജ്കുമാർ.വി (പെൻ:181494)-യെ KS&SSR Part II Rule 28(b) (II) പ്രകാരം 39300-83000/- രൂപ ശമ്പള നിരക്കിൽ ഹെഡ് ക്ലാർക്ക് ആയി റഗുലർ സ്ഥാനക്കയറ്റം നൽകി കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

ജൂനിയർ സൂപ്രണ്ട് /ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ രണ്ടു വർഷ കാലയളവിനുള്ളിൽ ഒരു വർഷത്തെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കേണ്ടതാണ്.

ശ്രീ.മനോജ്കുമാർ.വി-യ്ക്ക് സീനിയർ ക്ലാർക്ക് തസ്തികയിൽ 15 വർഷത്തെ സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് ശമ്പള നിർണ്ണയ ആനുകൂല്യം നല്കിയിട്ടുള്ളതിനാൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ ശമ്പള നിർണ്ണയ ആനുകൂല്യത്തിന് ടിയാന് അർഹത ഉണ്ടായിരിക്കുന്നതല്ല. ഹെഡ് ക്ലാർക്ക് ശ്രീ.ജോസഫ്.പി.ജെ-യ്ക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി പ്രാബല്യത്തിൽ ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. ഹെഡ് ക്ലാർക്ക് ശ്രീ.ഗിരീഷ്.സി.എസ്-ന്റെ സ്ഥലംമാറ്റം അപേക്ഷ പ്രകാരമായതിനാൽ യഥാർത്ഥ യാത്രാസമയത്തിനു മാത്രമേ ടിയാന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

ഉദ്യോഗക്കയറ്റം/സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും ജീവനക്കാരുടെ വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ഈ ഉത്തരവ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള OP(KAT).44/2018 നമ്പർ കേസിലെ അന്തിമ വിധിയ്ക്ക് വിധേയമായിരിക്കുന്നതാണ്.

Signed by
Vinod G
Date: 13-09-2024 16:57:31

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (മേലധികാരി മുഖേന)
പകർപ്പ്:

1. ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, കോഴിക്കോട്
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തൃശ്ശൂർ/വയനാട്
3. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ഭരണം)
4. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
5. ഇ3 സെക്ഷൻ
6. ഐ.ടി. വിഭാഗം (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
7. കരുതൽ/അധികം